പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3619 30.01.2014 ൽ മറുപടിക്ക്

## ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്ത നിവാരണ സേന

| ചോദ്യം<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ആർ.സെൽവരാജ്**<br>**ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ** | മറുപടി<br><br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്ത നിവാരണ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 17.10.2012 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 262/2012/ ആഭ്യന്തരം പ്രകാരം ദുരന്ത നിവാരണത്തിന് മാത്രമായി 100 സേനാംഗങ്ങളെ ഉൾപ്പെടുത്തി ദുരന്ത നിവാരണ സേന രൂപീകരിച്ചിട്ടുണ്ട്. |
| ബി) സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **(ബി)** പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ എന്നിവ ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾക്കായി ദുരന്ത നിവാരണ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു. കൂടാതെ, ശബരിമല പോലെയുള്ള ജനത്തിരക്കേറിയ ഉത്സവ സ്ഥലങ്ങളിൽ ടി സേനയെ ഒരു മുൻകരുതൽ എന്ന നിലയിൽ വിന്യസിച്ചു വരുന്നു. |
| സി) എന്തെല്ലാം ആധുനിക പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ ; | **(സി)** തമിഴ്നാട്, ചെന്നൈ, ആരക്കോണം ആസ്ഥാനമായുള്ള ദേശീയ ദുരന്ത നിവാരണ സേന (എൻ.ഡി.ആർ.എഫ്) 4-ാം ബറ്റാലിയനിലെ പരിശീലകരുടെ സഹായത്താൽ കൊച്ചിയി |

| | |
|---|---|
| | ലുള്ള എഫ്.എ.സി.റ്റി. കാമ്പസിൽ വച്ചും തൃശ്ശൂരിലുള്ള കേരള പോലീസ് അക്കാഡമിയിൽ വച്ചും വാട്ടർ റെസ്ക്യൂ, ലാന്റ് സ്ലൈഡ് റെസ്ക്യൂ, വെഹിക്കിൾ എക്സ്ട്രിക്കേഷൻ റെസ്ക്യൂ, റോപ്പ് റെസ്ക്യൂ, ഫയർ റെസ്ക്യൂ, ബയോളജിക്കൽ/റേഡിയോളജിക്കൽ/ കെമിക്കൽ ഡിസാസ്റ്റർ റെസ്ക്യൂ, ഫസ്റ്റ് എയ്ഡ് തുടങ്ങിയ കാര്യങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്. |
| **ഡി)** ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(ഡി)** കേരളത്തിലെ ഏതു മേഖലയിലും പ്രകൃതി ദുരന്തം, അപകടങ്ങൾ എന്നിവ ഉണ്ടായാൽ വളരെ വേഗം തന്നെ രക്ഷാ പ്രവർത്തനങ്ങൾ നടത്തുവാനും ഏകോപിപ്പിക്കുവാനും പ്രസ്തുത സേനയെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ